# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5076 23.03.2018-ലെ മറുപടി

## കടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, റോജി എം. ജോൺ<br>,, വി.പി.സജീന്ദ്രൻ | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അശാസ്ത്രീയമായ ശുചിത്വശീലങ്ങളും വിവേചനരഹിതമായ മാലിന്യ നിർമ്മാർജ്ജനവും നമ്മുടെ ഭൂരിപക്ഷം കുടിവെള്ള സ്രോതസ്സുകളെയും മലിനപ്പെടുത്തി എന്നത് വസ്തുതയല്ലേ; | (എ) അതെ. |
| (ബി) ആരോഗ്യ സാമ്പത്തിക മേഖലകളിൽ സ്വാധീനം ചെലുത്തുന്ന കടിവെള്ള മാനേജ്മെന്റിന്റെ കാര്യത്തിൽ സംസ്ഥാനം പിന്നിൽ ആയതിന്റെ ഗൗരവം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ജലജന്യ രോഗങ്ങളിൽ പ്രതിവർഷം വർദ്ധനവ് ഉണ്ടാകുന്നുവെന്നത് ആശങ്കപ്പെടുത്തുന്ന ഒന്നാകയാൽ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അതുവഴി ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം നിശ്ചിത ഇടവേളകളിൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളായ കിണറുകൾ, ട്യൂബ് വെല്ലുകൾ എന്നിവയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണ നിലവാരം പരിശോധിച്ച് പരിശോധന ഫലം IMIS വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി വരുന്നു.<br><br>ജലസ്രോതസ്സുകളിൽ ശുദ്ധജലം ധാരാളം ലഭ്യമാക്കുന്നതിനായി ജലവിഭവ സംരക്ഷണത്തിന്റെ പ്രകൃതിദത്ത യൂണിറ്റായ നീർത്തടങ്ങളുടെ സംരക്ഷണവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനുള്ള നീർത്തട സംരക്ഷണ |

പദ്ധതികൾ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം/ ജലസമൃദ്ധിയുടെ ഭാഗമായി തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതു വഴി ജലലഭ്യത വർദ്ധിപ്പിക്കാൻ സാധിക്കും. കൂടാതെ, നിയമങ്ങൾ കൂടുതൽ കർശനമാക്കി, ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003 ഭേദഗതി ചെയ്തു കൊണ്ടുള്ള ഓർഡിനൻസ്(27/2017) സംസ്ഥാന ഗവർണർ അംഗീകരിച്ച് 08.12.2017-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (വാല്യം VI നം. 2698)

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**